(എ) സംസ്ഥാനത്ത് കയറ്റിറക്ക് തൊഴിലുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചട്ടങ്ങൾ നിലവിലുണ്ടോ;

(ബി) എങ്കിൽ വിശദമാക്കുമോ;

(സി) ചട്ടങ്ങളുടെ ലംഘനത്തിലൂടെ അനാവശ്യമായ കൂലി ഈടാക്കുവാൻ തൊഴിലാളികൾ ശ്രമിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുമൂലം ഉണ്ടാകുന്ന സംഘർഷങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത്തരം സംഘർഷങ്ങൾ ഒഴിവാക്കുവാൻ കയറ്റിറക്കു ചട്ടം നിർബന്ധമായും നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) കേരള സംസ്ഥാനത്തെ ചുമട്ടു തൊഴിലാളികളുടെ തൊഴിൽ ക്രമപ്പെടുത്തുന്നതിനും അവരുടെ ക്ഷേമത്തിനും, ജോലി സംബന്ധമായി ഉണ്ടാകുന്ന തർക്കങ്ങൾ ഒത്തുതീർപ്പാക്കുന്നതിനും ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ആവിഷ്കരിച്ച നിയമമാണ് 1978-ലെ കേരള ചുമട്ടു തൊഴിലാളി നിയമം. ഈ നിയമം കേന്ദ്ര ഗവൺമെന്റ് ഉടമസ്ഥയിലോ നിയന്ത്രണത്തിലോ ഉള്ള സ്ഥാപനങ്ങൾ ഒഴികെ സംസ്ഥാനത്തെ മറ്റെല്ലാ സ്ഥാപനങ്ങളിലും ബാധകമായ തരത്തിൽ ഇതിന്റെ നടത്തിപ്പിനാവശ്യമായ ചട്ടങ്ങളും 20.5.1981-മുതൽ സംസ്ഥാനമൊട്ടാകെ പ്രാബല്യത്തിൽവരുത്തി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ചുമട്ടു തൊഴിലാളി ക്ഷേമ പദ്ധതി നടപ്പിലാക്കിയിട്ടില്ലാത്ത പ്രദേശത്തും തൊഴിലാളികൾക്ക് നൽകേണ്ട കൂലി നിരക്കുകൾ നിർണ്ണയിച്ച് വിജ്ഞാപനം ചെയ്തിട്ടില്ലാത്ത പ്രദേശങ്ങളിലും ഗാർഹികാവശ്യങ്ങളുമായി ബന്ധപ്പെട്ട കയറ്റിറക്ക് സംബന്ധിച്ച കൂലിത്തർക്കങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) സ്വീകരിക്കാവുന്നതാണ്.

25 (*255) ശുചിത്വ-ആരോഗ്യ പദ്ധതി

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെതർലാൻഡ് സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ശുചിത്വ-ആരോഗ്യ പദ്ധതിയുടെ പ്രവർത്തന പുരോഗതി എത്രയാണെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ മേൽനോട്ടത്തിനുവേണ്ടി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു മന്ത്രിസഭാ ഉപസമിതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഈ ഉപസമിതി അംഗങ്ങൾ ആരൊക്കെയാണെന്നും ഉപസമിതി ഈ കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതിയുടെ ആദ്യഘട്ടമായി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) നെതർലാൻഡ് ഗവൺമെന്റിന്റെ സാമ്പത്തിക സഹായം കോട്ടയം ജില്ലയിൽ നടപ്പാക്കി വരുന്ന "നിർമ്മൽ-2000" എന്ന പ്രത്യേക പ്രോജക്ടിനു മാത്രമേ ഇപ്പോൾ ലഭ്യമായിട്ടുള്ളൂ. നെതർലാൻഡ് ഗവൺമെന്റുമായി ഒപ്പുവച്ച ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട ആരോഗ്യ വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾക്ക് 1.44കോടി രൂപ ലഭിക്കും. ഇതിന്റെ ആദ്യ ഗഡുവായി 25 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(ബി) കോട്ടയത്ത് നടന്നുവരുന്ന ശുചിത്വ പരിപാടിയുമായി ബന്ധപ്പെട്ട് അത്തരം സമിതി രൂപീകരിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്ത് സമ്പൂർണ്ണ ശുചിത്വവും ആരോഗ്യവും കൈവരിക്കുന്നതിനുദ്ദേശിച്ച് രൂപീകരിച്ചിട്ടുള്ള സംസ്ഥാന സമ്പൂർണ്ണ ശുചിത്വ ആരോഗ്യമിഷന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും മുഖ്യമന്ത്രി അദ്ധ്യക്ഷനായി സമിതി രൂപീകരിച്ചിട്ടുണ്ട്.

(സി) താഴെപറയുന്ന മന്ത്രിമാർ ഉപസമിതിയിൽ അംഗങ്ങളാണ്.

1. ആരോഗ്യ വകുപ്പുമന്ത്രി
2. ജലസേചന വകുപ്പുമന്ത്രി
3. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി
4. സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി
5. വിദ്യാഭ്യാസ വകുപ്പുമന്ത്രി
6. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി
7. ഗ്രാമവികസന വകുപ്പുമന്ത്രി (കൺവീനർ)

സംസ്ഥാന ശുചിത്വ-ആരോഗ്യമിഷന്റെ പ്രവർത്തനം പ്രാരംഭ ദിശയിലാണ്. പ്രവർത്തന പരിപാടികൾക്ക് രൂപം കൊടുത്തുവരികയാണ്.

(ഡി) ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തേണ്ട പഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പു പൂർത്തിയായിട്ടില്ല.

26 (*256) ശുദ്ധജല വിതരണ പദ്ധതികൾ

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി എത്ര ശുദ്ധജല വിതരണ പദ്ധതികൾ കമ്മീഷൻ ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) എൽ.ഐ.സി.യുടെ സഹായത്തോടെ നടപ്പാക്കിവരുന്ന ശുദ്ധജല പദ്ധതികളുടെ പുരോഗതിയെന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly